**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4003** **16.12.2014-ൽ മറുപടിയ്ക്ക്**

## കെ. എസ്. ഇ. ബി.യെ കമ്പനിയാക്കുന്ന നടപടികൾ

ചോദ്യം

ശ്രീ. കെ. അജിത് :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കെ. എസ്. ഇ. ബി. യെ കമ്പനി യാക്കുന്ന നടപടികൾ പൂർത്തി യായിട്ടുണ്ടോ ; ഇല്ലായെങ്കിൽ ഇത് ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(എ) 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിന്റെ വ്യവസ്ഥകൾ അനുസരിച്ച് 25.09.2008-ലെ ഉത്തരവിലൂടെ സർക്കാരിൽ നിക്ഷിപ്തമാക്കിയിരുന്ന മുൻ സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകളെല്ലാം 31.10.2013-ലെ (പി) നം. 46/2013/ഊ. വ ഉത്തരവു പ്രകാരം "കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (റീവെസ്റ്റിംഗ്), 2013" എന്ന വിജ്ഞാപനത്തിലൂടെ 14-01-2011-ൽ രൂപീകൃതമായ 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ' എന്ന പൂർണ്ണമായും സർക്കാർ ഉടമസ്ഥ തയിലുള്ള ഒറ്റ കമ്പനിയിലേക്ക് കേരള സർക്കാർ കൈമാറ്റം ചെയ്യുകയുണ്ടായി. ഇപ്ര കാരം കെ. എസ്. ഇ. ബി. ലിമിറ്റഡ് 1956-ലെ കമ്പനീസ് ആക്ടിൻ കീഴിൽ സർക്കാർ കമ്പനിയായി പ്രവർത്തിച്ചു വരുന്നു.

(ബി) മേൽ നടപടികളുമായി ബന്ധ പ്പെട്ട് ആസ്തി-ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളി പ്പെടുത്തുമോ ;

(ബി) കമ്പനിവത്ക്കരണവുമായി ബന്ധപ്പെട്ട ആസ്തി-ബാധ്യതകൾ തിട്ടപ്പെടുത്തി രണ്ടാം കൈമാറ്റ പദ്ധതി യിലെ വിവിധ പട്ടികകളിലായി ഉൾപ്പെടുത്തി യിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൻെറ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(സി) കമ്പനിവത്ക്കരണത്തിനു ശേഷവും പെൻഷൻ വിഷയങ്ങ ളിലെ ജീവനക്കാരുടെ ആശങ്ക കൾ പരിഹരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളി പ്പെടുത്തുമോ ?

(സി) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംര-ക്ഷിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തുട ർന്നും നൽകുന്നതിനും ആവശ്യമായ വ്യവസ്ഥകൾ 2013-ലെ രണ്ടാം കൈമാറ്റ പദ്ധതിയിൽ ഉൾപ്പെടുത്തു കയും ഇതിൻെറ അടിസ്ഥാനത്തിൽ സർക്കാരും, കെ. എസ്. ഇ. ബി. ലിമിറ്റഡും, ജീവനക്കാരും ത്രികക്ഷിക്കരാ റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

പെൻഷൻ വിതരണത്തിനായി ഒരു ഫണ്ട് രൂപീകരി ക്കുന്നതിനും പെൻഷൻ വിതരണ ചുമതല ഏറ്റെടുത്ത് നടത്തുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്ന തിനും രണ്ടാം കൈമാറ്റ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിനുള്ള നടപടിക്രമ ങ്ങൾ പുരോഗമിച്ചു വരുന്നു.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്